"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിലെ ഓഡിറ്റ് വിഭാഗം 2001 മാർച്ച് മാസം സിറ്റി റേഷനിംഗ് ഓഫീസിൽ നടത്തിയ ആഭ്യന്തര പരിശോധനയുമായി ബന്ധപ്പെട്ട് സപ്ലൈക്കോ ചാല സബ്ഡിപ്പോയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ പേരിലുള്ള ബാധ്യത ഒഴിവാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.9/2026/F&CS തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 304/2006/FCSD തീയതി 25/08/2006
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 25/05/2023 തീയതിയിലെ CCS/4514/2022-F5 നമ്പർ കത്ത്.
3. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 16/08/2025 തീയതിയിലെ KSCSC/3434/ 2024-D21(DISP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം (നോർത്ത്) സിറ്റി റേഷനിംഗ് ഓഫീസിലെ 28/04/1997 മുതൽ 16/03/2001 വരെയുള്ള കാലയളവിലെ ആഭ്യന്തര പരിശോധന സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിലെ ആഡിറ്റ് വിഭാഗം 2001 മാർച്ച് മാസം പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ അംഗീകൃത മൊത്ത വ്യാപാരിയായി പ്രവൃത്തിച്ചിരുന്ന ചാല സബ് ഡിപ്പോയുടെ 7/1997 മുതൽ 02/2001 വരെയുള്ള കാലയളവിലെ അക്കൗണ്ട്സ് പരിശോധിച്ചതിൽ അധികം കണ്ട ഭക്ഷ്യസാധനങ്ങളുടെ വിലയായ 96,076/- രൂപ ബന്ധപ്പെട്ട 12 ജീവനക്കാരുടെ ബാദ്ധ്യതയായി നിശ്ചയിക്കുകയും, ഇതിൽ 2 പേർ മുഴുവൻ തുകയും അടവാക്കി യിട്ടുള്ളതായും, ശേഷിക്കുന്ന 10 പേരിൽ ഒരാൾ ഭാഗികമായി തുക അടവാക്കിയിട്ടുണ്ടെന്നും, 2 പേർ മരണപ്പെട്ടവരാണെന്നും, 8 പേർ സർവീസിൽ നിന്നും വിരമിച്ചവരാണെന്നും, അധികമായി കണ്ടെത്തിയ സാധനങ്ങൾ സ്റ്റോക്കിൽ വരവ് വെച്ച് വിതരണം ചെയ്തിട്ടുള്ളതിനാൽ സർക്കാരിനോ സപ്ലൈകോയ്ക്കോ നഷ്ടം സംഭവിച്ചിട്ടില്ല എന്നും പരാമർശം (2) കത്ത് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചാല സബ് ഡിപ്പോയിലെ 7/1997 മുതൽ 02/2001 വരെയുള്ള കാലയളവിലെ ആഭ്യന്തര പരിശോധനയിൽ അധികമായി കണ്ടെത്തിയ സാധനങ്ങൾ സ്റ്റോക്കിൽ വരവ് വെച്ച് വിതരണം ചെയ്തിട്ടുള്ളതിനാൽ

സർക്കാരിനോ സപ്ലൈക്കോയ്ക്കോ നഷ്ടം സംഭവിച്ചിട്ടില്ലായെന്ന വസ്തുത പരിഗണിച്ച് ആഭ്യന്തര ആഡിറ്റിൽ ബാധ്യതയായി കണ്ടെത്തിയ തുക പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സപ്ലൈക്കോ, കൊച്ചി.
ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പ് (A1/91/2023-FCSD)
ധനകാര്യ വകുപ്പ് (UO No. 2507092/പി.യു.ബി.2/47/2023-ധന തീയതി 17/12/2025)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), I&PRD.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Veena V
Date: 21-01-2026 11:33:11
സെക്ഷൻ ഓഫീസർ